Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

സംരംഭകർക്ക് ഭക്ഷ്യ സംസ്കരണ വ്യവസായം തുടങ്ങുന്നതിനായിട്ടാണ് കെ.എസ്.ഐ.ഡി.സി. പള്ളിപ്പുറത്ത് 84.03 ഏക്കർ സ്ഥലത്ത് മെഗാ ഫുഡ് പാർക്ക് വിഭാവനം ചെയ്തിട്ടുള്ളത്. നാളിതുവരെ 28 വ്യവസായ യൂണിറ്റുകൾക്ക് സ്ഥലം അനുവദിച്ചതിൽ 9 വ്യവസായ യൂണിറ്റുകൾക്ക് നൽകിയ 10.53 ഏക്കർ സ്ഥലം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് നൽകിയത്. Cold Storage, Deep Freezer and Deboning Unit, Effluent treatment Plant തുടങ്ങിയ സൗകര്യങ്ങളുള്ള മെഗാ ഫുഡ് പാർക്ക് പദ്ധതി പൂർത്തീകരിക്കുവാനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

സ്റ്റാർട്ടപ്പ് മിഷന്റെ മേൽനോട്ടത്തിലെ നിക്ഷേപങ്ങൾ

194 (579) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റാർട്ടപ്പ് മിഷന്റെ മേൽനോട്ടത്തിൽ എത്ര കോടി രൂപയുടെ നിക്ഷേപം നടത്താൻ സാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

സ്റ്റാർട്ടപ്പുകൾക്കായി ടെക്നോളജി ഇന്നൊവേഷൻ സോൺ, യൂത്ത് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം എന്നീ രണ്ടു പദ്ധതികളാണ് കേരളാ സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കി വരുന്നത്. ഈ സാമ്പത്തിക വർഷത്തിൽ രണ്ട് പദ്ധതികളും നടപ്പിലാക്കുന്നതിനായി 68.75 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 13.5 കോടി രൂപ ഇതിനോടകം അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

വല്ലാർപ്പാടം ഇന്റർനാഷണൽ കണ്ടെയിനർ ട്രാൻസ്ഷിപ്പ് ടെർമിനലിന്റെ ഭൂമിയുടെ ഉപയോഗം

195 (580) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിൽ വല്ലാർപ്പാടം ഇന്റർനാഷണൽ കണ്ടെയിനർ ട്രാൻസ്ഷിപ്പ് ടെർമിനലിലേയ്ക്കുള്ള കണ്ടെയിനർ റോഡിന്റെ ഇരുവശങ്ങളിലുമായി കൃഷിയോഗ്യമല്ലാതെ തരിശായി കിടക്കുന്ന ഇരുന്നൂറ്റി അൻപത് ഏക്കറോളം ഭൂമിയുടെ ഫലപ്രദമായ ഉപയോഗം ലക്ഷ്യമിട്ട് സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

സർക്കാരിനുലഭിച്ചിട്ടുള്ള നിവേദനത്തിൻമേൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടർക്ക് 04-8-2021-ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.